2022

EXC/2747/2022/XE9

കേരള എക്സൈസ് വകുപ്പ്

"മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം

തിരുവനന്തപുരം,

തീയതി: 27-06-2022

ഇ-മെയിൽ : ecoffice.exc@kerala.gov.in

ഫോൺ:0471-2332632

## സർക്കുലർ നം - EXC/14/2022/EXCISE

വിഷയം: എൻ.ഡി.പി.എസ് ആക്ട് 1985-ലെ 64.എ വകുപ്പിലെ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

മയക്കുമരുന്നിന്റെയും സൈക്കോട്രോപ്പിക് വസ്തുക്കളുടെയും ദുരുപയോഗം തടയുന്നതിന് എൻ.ഡി.പി.എസ് ആക്ട് 1985 പ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ കർശനമായും ഫലപ്രദമായും നടപ്പിലാക്കുന്നതിനോടൊപ്പം മയക്കുമരുന്നിന്റെ ഉപയോഗത്തിന് അടിമയായ ആളുകൾക്ക് ശരിയായ ചികത്സയും കൗൺസലിംഗും നൽകി പുനരധിവസിപ്പിച്ച് സാധാരണ ജീവിതത്തിലേക്ക് തിരികെകൊണ്ട് വരികയെന്നുള്ളതും എക്സൈസ് വകുപ്പിന്റെ ചുമതലയിൽപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപടിക്കായി പുറപ്പെടുവിക്കുന്നു.

എൻ.ഡി.പി.എസ് ആക്റ്റിലെ 2(i) വകുപ്പിൽ 'Addict' എന്ന വാക്ക് നിർവ്വചിച്ചിട്ടുള്ളതാണ്. (Addict means a person who has dependence on any narcotic drug or psychotropic substances).

എൻ.ഡി.പി.എസ് ആക്ട് 1985 വകുപ്പ് 20(b)(ii)(A), 21(a), 22(a) പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ 25 വയസ്സിൽ താഴെയുള്ള യുവാക്കളെ അറസ്റ്റ് ചെയ്യുന്ന സമയത്ത് അവർ 2(i) വകുപ്പ് പ്രകാരം അത്യാസക്തൻ (addict) ആകുന്ന രീതിയിൽ മയക്കുമരുന്ന് ഉപയോഗിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉപയോഗിച്ചിട്ടുണ്ടെന്ന് ബോധ്യമായാൽ 27(a), 27(b) വകുപ്പുകൾ കൂടി കൂട്ടിച്ചേർക്കേണ്ടതും അത്തരക്കാർ മയക്കുമരുന്നിന്റെ ആസക്തിയിൽ നിന്നും മോചനം നേടുന്നതിനായി സ്വമേധയാ ഏതെങ്കിലും സർക്കാർ അംഗീകൃതമോ തദ്ദേശ അധികാരസ്ഥാപനങ്ങൾ അംഗീകരിച്ചതോ ആയ ആശുപത്രികളിൽ നിന്നും ലഹരിമോചന (De-addiction) ചികത്സയ്ക്ക് തയ്യാറാണെങ്കിൽ അവരെ ചികത്സയ്ക്ക് വിധേയമാക്കേണ്ടതും അവർ പൂർണ്ണമായും ലഹരിയിൽ നിന്നും മുക്തി നേടി എന്ന് ബോധ്യമായാൽ ബന്ധപ്പെട്ട വിമുക്തി ജില്ലാ മാനേജരുടെ റിപ്പോർട്ടിന്മേൽ അവരുടെമേലുള്ള പ്രോസിക്യൂഷൻ നടപടി 6 4 A വകുപ്പ് പ്രകാരം അവസാനിപ്പിക്കേണ്ടതും അല്ലാത്തപക്ഷം പ്രോസിക്യൂഷൻ നടപടി തുടരേണ്ടതുമാണ്.

മയക്കുമരുന്ന് ഉപയോഗം ഒഴിവാക്കാനാകാത്ത അത്യാസക്തൻ (addict) ആയ ആൾ

പ്രസ്തുത ചികത്സ പൂർത്തിയാക്കാതിരുന്നാൽ മേൽ വ്യവസ്ഥ പ്രകാരം പ്രോസിക്യൂഷൻ നടപടികളിൽ നിന്നും നൽകിയിരുന്ന പരിരക്ഷ ഇല്ലാതാവുന്നതും ടി നടപടികൾ തുടർന്ന് സ്വീകരിക്കാവുന്നതുമാണ്.

ഇപ്രകാരം അത്യാസക്തരായ (addict) യുവാക്കൾക്ക് ശരിയായ ആസക്തി വിമോചന (De-addiction) ചികത്സയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ജില്ലാതല വിമുക്തി മാനേജർമാർ യഥാസമയം ചെയ്ത് കൊടുക്കേണ്ടതാണ്. ഇത് യുവാക്കളെ മയക്കുമരുന്നിന്റെ ആസക്തിയിൽ നിന്നും വിമുക്തരാക്കുക എന്ന ഉദ്ദേശത്തോടെ എടുക്കുന്ന നടപടിയാണ്. മേൽ നടപടി നിയമാനുസൃതമായി ഉപേക്ഷയില്ലാതെ നടപ്പാക്കുന്നുവെന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ ഉറപ്പുവരുത്തേണ്ടതാണ്.

S. AANANTHAKRISHNAN IPS

Signed by S. Aananthakrishnan Ips
Date: 27-06-2022 13:34:03

എക്സൈസ് കമ്മീഷണർ

പകർപ്പ്.

1. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം, എൻഫോഴ്സ്മെന്റ്)
2. വിജിലൻസ് ഓഫീസർ (എക്സൈസ്)
3. ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
5. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
6. എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ (എല്ലാം)
7. എക്സൈസ് ഇൻസ്പെക്ടർ (എല്ലാം)
8. കരുതൽ ഫയൽ/സർക്കുലര് ഫയൽ
9. വെബ് സൈറ്റ്